അപരാഹ്ന സമ്മേളനം

(സഭ വൈകുന്നേരം 5 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 5.00 pm.] നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.)

IX. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, രാവിലെ ഞാൻ പരീക്ഷയുടെ ഡേറ്റ് പറഞ്ഞത് കുറച്ചുകൂടി വർക്ക് ഔട്ട് ചെയ്ത് നാലു ദിവസം അഡ്വാൻസ് ചെയ്യാൻവേണ്ടി ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. സോഷ്യൽ സയൻസ് പരീക്ഷ ഏപ്രിൽ 15-ാം തീയതി രാവിലെ 10 മുതൽ 12 വരെ. ഫിസിക്സ് ഏപ്രിൽ 18 തിങ്കൾ രാവിലെ 10 മുതൽ 12 വരെ. അന്നേദിവസം തന്നെ ഉച്ചയ്ക്ക് ശേഷം 2 മുതൽ 4 വരെ കെമിസ്ട്രി. ബയോളജി ഏപ്രിൽ 19 ചൊവ്വ രാവിലെ 10 മുതൽ 12 വരെ. ഐ. ടി. 19-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക്ശേഷം 2 മുതൽ 3 വരെ. നാല് ദിവസം അഡ്വാൻസ് ചെയ്യാൻ പറ്റും. നമ്മൾ നേരത്തെ തീരുമാനിച്ചിരുന്നതിൽനിന്ന് വ്യത്യസ്തമായി പരീക്ഷ ഏപ്രിൽ 15-ാം തീയതി ആരംഭിച്ച് 19-ാം തീയതി തന്നെ എല്ലാ അവസാനിക്കുന്നതാണ്.

എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർന്നത് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന സ്കൂളുകളിലെ ചീഫ് ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരേയും സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ചെമ്പേരി നിർമ്മലാ എച്ച്.എസ്.എസ്., കണ്ണൂർ ജില്ല, കോക്കല്ലൂർ ഗവൺമെന്റ് എച്ച്.എസ്. എസ്. കോഴിക്കോട്, എൻ.എസ്.എസ്.എച്ച്.എസ്. കവിയൂർ, പത്തനംതിട്ട ജില്ല, എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്. ചെന്നീർക്കര, പത്തനംതിട്ട ജില്ല, കെ.പി.എം., എച്ച്.എസ്.എസ് ചെറിയവളപ്പിൽ, നെല്ലൂർ, കൊല്ലം ജില്ല.

ശ്രീ. എം. വി. ജയരാജൻ: റിസൾട്ട് പബ്ലിക്കേഷനിൽ മാറ്റമില്ലേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അതിൽ മാറ്റമില്ല. നാലു ദിവസം നീട്ടിയതുകൊണ്ട് ചിലപ്പോൾ റിസൽട്ടും നേരത്തെ കൊണ്ടുവരാൻ പറ്റും.

ശ്രീ. എം. വി. ജയരാജൻ: സർ, രാവിലെ ഞാൻ ഉന്നയിച്ച കൂട്ടത്തിൽ പത്തനംതിട്ട ജില്ലയിലെ എളമുളയ്ക്കൽ ഗവൺമെന്റ് സ്കൂളിൽ ഓൾഡ് സ്കീമിലെ ക്വസ്റ്റ്യൻ പേപ്പർ ചോർന്നത് ഉന്നയിച്ചിരുന്നു. ഇന്ന് ഇവിടെ പറഞ്ഞ കൂട്ടത്തിൽ അത് കാണുന്നില്ല. അതിൽ അന്വേഷണം നടത്തണം. അവിടെ ചീഫ് പരീക്ഷാ നടത്തിപ്പ് ഉദ്യോഗസ്ഥൻ മദ്യപിച്ചാണ് സ്കൂളിലെത്തിയത് എന്ന വസ്തുത അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly